കൂട്ടകാഷ്വൽ ലീവ്

* 128 [458] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എൻ. ജി. ഒ. മാരിൽ ഒരു വിഭാഗം കഴിഞ്ഞ മാസം പതിമൂന്നാം തീയതി കൂട്ട കാഷ്വൽ ലീവെടുത്തത് എന്തിനായിരുന്നു?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): ശമ്പളനിരക്കുകളും, സേവനവ്യവസ്ഥകളും എന്നിവയെക്കുറിച്ചു വിവിധ സർവ്വീസ് സംഘടനകളും ആവർത്തിച്ചു നടത്തിയിട്ടുള്ള നിവേദനങ്ങളുടെ നേരെ ഗവൺമെൻറ് കൈക്കൊണ്ടിട്ടുള്ള അവഗണനാമനോഭാവത്തിൽ പ്രതിഷേധം രേഖപ്പെടുത്തുവാനാണ് കൂട്ടകാഷ്വൽ ലീവിനു അപേക്ഷിക്കുന്നത് എന്നാണ് അപേക്ഷാഫാറത്തിൽ കാണിച്ചിട്ടുള്ളത്. എന്നാൽ അപേക്ഷാഫാറത്തിൽ കാണിച്ചിരുന്നതല്ല യഥാർത്ഥകാരണമെന്ന് സാഹചര്യങ്ങളിൽ നിന്നു വ്യക്തമാണ്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: അതിൻമേൽ എന്തെങ്കിലും നടപടിയെടുക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അന്ന് കാഷ്വൽ ലീവെടുത്ത ആളുകളുടെ കാഷ്വൽലീവ് പരിശോധിച്ച്, അതിനെസംബന്ധിച്ചുള്ള കാരണങ്ങളും പരിശോധിച്ച് ന്യായമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ അല്ലാതെ ഈ പ്രക്ഷോഭണം മുന്നോട്ടു പോകുന്നു എന്നുള്ള ഉദ്ദേശത്തോടുകൂടി കാഷ്വൽലീവെടുത്തിട്ടുള്ള ആളുകളുടെ പേരിൽ നടപടിയെടുക്കാൻ ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

Obituary Reference

മി. സ്പീക്കർ: കേരളത്തിൻെറ രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസമണ്ഡലങ്ങളിൽ അനന്യസാധാരണമാംവിധം വ്യക്തിമുദ്ര പതിപ്പിച്ച രണ്ടു മഹാത്മാക്കളുടെ—ശ്രീ. മന്നത്തുപത്മനാഭൻെറയും ശ്രീ. ആർ. സുഗതൻെറയും—വേർപാടുമൂലം ദു:ഖസംകുലമായിരിക്കുന്ന ഒരു സന്ദർഭത്തിലാണ് നാം സമ്മേളിച്ചിരിക്കുന്നത്.

9 A. M.)

ശ്രീ. മന്നത്തുപത്മനാഭൻെറ ധന്യജീവിതം കഴിഞ്ഞ മുക്കാൽ നൂറ്റാണ്ടു കാലത്തെ കേരളത്തിൻെറ സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ ചരിത്രവുമായി ഇഴുകിച്ചേർന്ന സംഭവബഹുലമായ ഒന്നാണ്. മറ്റാരേയുംകാൾ മന്നം ഒരു കാലഘട്ടത്തിൻെറ തന്നെ പ്രതീകമായിരുന്നു.

യുഗപ്രഭാവനായ ഒരു മഹാപുരുഷൻെറ ചൈതന്യവത്തായ നേതൃത്വമാണ് ശ്രീ. മന്നത്തു പത്മനാഭൻെറ വേർപാടുമൂലം നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിൻെറ വേർപാട് ഏൽപ്പിച്ച ആഘാതത്തിൽ നിന്നും കേരളം ഇപ്പോഴും പൂർണ്ണമായി വിമുക്തിനേടിയിട്ടില്ല. കണ്ണുനീർ വാർത്ത കേരളജനത, അതുല്യവും, അത്യുജ്വലവുമായ ഒരു വ്യക്തിത്വത്തിനു ഉടമയായിരുന്ന ആ അഭിവന്ദ്യനേതാവിനു കഴിഞ്ഞ കുറേ ദിവസങ്ങളായി ആദരാഞ്ജലികളും അർപ്പിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ ബഹുമാനാദരസൂചകങ്ങളായ പദസമൂഹംകൊണ്ട് സമ്പന്നമായ നമ്മുടെ ഭാഷയിലെ അർത്ഥസംപുഷ്ടങ്ങളായ പദങ്ങളും എത്രതന്നെ ആവർത്തിച്ച് പ്രയോഗിച്ചാലും മഹാനായ മന്നത്തു പത്മനാഭൻെറ വ്യക്തിപ്രഭാവത്തെ പ്രകീർത്തിക്കുവാൻ മതിയാകുന്നതല്ല എന്നതാണ് പരമാർത്ഥം.

LIBRARY ARCHIVES Kerala Legislative Assembly

കർമ്മയോഗിയും, ത്യാഗമൂർത്തിയും, സ്നേഹധനനുമായിരുന്ന ആ മഹാനേതാവിനെ അവസാനമായി ഒരു നോക്കു കാണുവാനും, അദ്ദേഹത്തിന്റെ അന്ത്യയാത്രയിൽ പങ്കുകൊള്ളുവാനും ചങ്ങനാശ്ശേരിയിൽ തടിച്ചുകൂടിയ ജനലക്ഷങ്ങൾ പ്രദർശിപ്പിച്ച വികാരാധിക്യം അവിടെ സന്നിഹിതനായിരിക്കുവാൻ ഭാഗ്യമുണ്ടായ ഏതൊരാളുടെയും ജീവിതത്തിൽ അവിസ്മരണീയമായ ഒരു സംഭവമായി അവശേഷിക്കുന്നതാണ്. കേരളം ഇന്നുവരെയും ദർശിച്ചിട്ടില്ലാത്തവിധം അത്യന്തം ശോകപൂർണ്ണവും, വികാരനിർഭരവുമായിരുന്നു അവിടത്തെ അന്തരീക്ഷം. കേരളത്തിന്റെ മണ്ണിൽ പിറന്ന ഒരു നേതാവിനും കേരളത്തിന്റെ മക്കൾ ജാതിമത ഭേദമെന്യേ ഇത്രയും വികാരവിക്ഷോഭത്തോടെ അന്തിമാഭിവാദനങ്ങൾ അർപ്പിച്ചിട്ടില്ല. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കരയിലും, കായലിലുംകൂടിയും കാൽനടയായും വാഹനങ്ങൾ വഴിയായും ശോകപൂർണ്ണമെങ്കിലും കൃതജ്ഞതാഭരിതമായ ഹൃദയത്തോടെ പുഷ്പചക്രങ്ങളും സുഗന്ധദ്രവ്യങ്ങളും വഹിച്ചുകൊണ്ട് അണിമുറിയാതെ കടന്നുവന്ന ജനപ്രവാഹം ഇനിയും പൂർണ്ണമായി നിലച്ചിട്ടില്ല. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ സംസ്ക്കരിച്ച പുണ്യഭൂമി വരും തലമുറകൾക്ക് ഒരിക്കലും ഒടുങ്ങാത്ത പ്രചോദനം നൽകിക്കൊണ്ട് ഒരു തീർത്ഥാടനകേന്ദ്രമായി പരിലസിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഭൂതകാലപ്രഭാവത്തിന്റെ മനംമയക്കുന്ന സ്മരണകളുമായി ആലസ്യത്തിലാണ്ടു കിടന്നിരുന്ന ഒരു ജനതയുടെ ആൽമവീര്യം തട്ടിയുണർത്തിയും അവരെ കർമ്മോൻമുഖരാക്കിയും അതിമഹത്തായ നേട്ടങ്ങൾ നേടിക്കൊടുത്ത് നാട്ടിനാകെ വിജ്ഞാനവിഭവസമ്പത്തുകൾ വിതരണം ചെയ്യുവാൻ കഴിഞ്ഞതിൽ അദ്ദേഹം നേടിയ സമ്പൂർണ്ണവിജയം നമ്മുടെ നാടിന്റെ ചരിത്രത്തിൽ മറ്റാർക്കുംതന്നെ കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹം സഞ്ചരിച്ചിരുന്ന പാതയിൽ വളരെയേറെ വൈഷമ്യങ്ങൾ തരണം ചെയ്യുവാനുണ്ടായിരുന്നിട്ടും, ഒടുങ്ങാത്ത ആത്മവിശ്വാസവും സ്ഥിരോൽസാഹവും സർവ്വോപരി സത്യസന്ധതയുമാണ് ഈ നേട്ടങ്ങൾ കൈവരിക്കുവാൻ അദ്ദേഹത്തെ സഹായിച്ചിട്ടുള്ളത് എന്ന് ഇന്ന് പരക്കെ അംഗീകരിക്കപ്പെടുന്ന ഒരു വസ്തുതയാണ്. നായർ സർവ്വീസ് സൊസൈറ്റിയുടെ സ്ഥാപക നേതാവായ അദ്ദേഹം ആ സംഘടനയ്ക്ക് നമ്മുടെ നാട്ടിൽ ഉണ്ടാക്കിക്കൊടുത്ത സ്ഥാനം മറ്റു ജനവിഭാഗങ്ങൾക്കുപോലും ആവേശം പകരുന്നതായിരുന്നു. കേരളത്തിന്റെ വടക്കേയറ്റംമുതൽ തെക്കേയറ്റം വരെ ആകാശനീലിമയിലേക്ക് ഉയർന്നു നിൽക്കുന്ന നിരവധി സരസ്വതീക്ഷേത്രങ്ങളും, ആതുരശുശ്രൂഷാലയങ്ങളും, വ്യവസായസ്ഥാപനങ്ങളും, മറ്റനേകം കേന്ദ്രങ്ങളും ഈ മഹാശയന്റെ അനുസ്യൂതവും അതുല്യവുമായ കർമ്മശക്തിയുടെ ശാശ്വത സ്മരണകളാണ്.

ഗാന്ധിജിയുടെ രചനാത്മക കാര്യപരിപാടിയിലെ മുഖ്യഘടകമായ അയിത്തോച്ചാടനത്തിനുവേണ്ടി സംഘടിപ്പിക്കപ്പെട്ട വൈക്കം സത്യാഗ്രഹത്തിലും ഗുരുവായൂർ സത്യാഗ്രഹത്തിലും അദ്ദേഹം പങ്കെടുക്കുകയും അനാചാരത്തിനെതിരായി ജനലക്ഷങ്ങളെ അണിനിരത്തുന്നതിന് തന്റെ ഉജ്ജ്വലമായ വാഗ്വിലാസവും സംഘടനാവൈദഗ്ധ്യവും ഉപയോഗപ്പെടുത്തുകയും ചെയ്തു.

അതുല്യമായ കർമ്മശക്തിയും സർവ്വാദരണീയമായ ആജ്ഞാശക്തിയും പ്രസംഗപാടവവും അനുപമമായ സംഘടനാശേഷിയും ഒത്തിണങ്ങിയ ശ്രീ. മന്നത്തു പത്മനാഭൻ കേവലം ഒരു വ്യക്തിയല്ല ഒരു മഹാപ്രസ്ഥാനം തന്നെയായിരുന്നു.

അദ്ദേഹം ശ്രീമൂലം പ്രജാസഭയിലും, തിരുവിതാംകൂർ നിയമസഭയിലും തിരു–കൊച്ചി നിയമസഭയിലും അംഗമായിരുന്ന് പ്രശസ്തസേവനം

LIBRARY ARCHIVES Kerala Legislative Assembly

അനുഷ്ഠിച്ചിരുന്ന കാര്യവുംകൂടി ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കുകയാണ്.

കൃതകൃത്യനായ ഒരു കർമ്മവീരന്റെ അനന്യസുലഭമായ അന്ത്യമാണ് അദ്ദേഹത്തിനുണ്ടായത്. കേരളത്തിന്റെ ജ്വോതിസ്സും നിർണ്ണായകശക്തി കേന്ദ്രവുമായിരുന്ന ആ മഹാപുരുഷന്റെ ആത്മാവിന് നിത്യശാന്തി ഉനർന്നുകൊള്ളുന്നു.

ശ്രീ. ആർ. സുഗതൻ, ചൈതന്യമയവും, കർമ്മനിരതവും, ത്യാഗസുരഭിലവുമായ ഒരു സമർപ്പിത ജീവിതത്തിന്റെ ഉടമയായിരുന്നു. കേരളത്തിലെ സംഘടിത തൊഴിലാളിപ്രസ്ഥാനത്തിന് രൂപം നൽകിയ സമാരാധ്യനായ ഒരു നേതാവ്, ദേശീയസ്വാതന്ത്ര്യസമരത്തിലെ ധീരസേനാനി, രാഷ്ട്രീയ ട്രേഡുയൂണിയൻ രംഗങ്ങളിൽ നിസ്തുലവും നിസ്വാർത്ഥവുമായ സേവനം അനുഷ്ഠിച്ച കർമ്മയോഗി, മലയാള സാഹിത്യത്തിലെ സർഗ്ഗധനനായ ഒരു കവി, ശ്രദ്ധാർഹനായ ഒരു നിയമസഭാ സാമാജികൻ ഇങ്ങനെ വിവിധ നിലകളിൽ വിശിഷ്ട സേവനം നിർവ്വഹിച്ച് കേരളചരിത്രത്തിന്റെ ഏടുകളിൽ മായാത്ത കാൽപ്പാടുകൾ പതിപ്പിച്ച സമുന്നതപുരുഷനായിരുന്നു സുഗതൻ. ജനലക്ഷങ്ങൾക്ക് പ്രിയംകരനായിരുന്ന അദ്ദേഹം 'സുഗതൻ സാർ' എന്ന ഓമനപ്പേരിലാണ് പരക്കെ അറിയപ്പെട്ടിരുന്നത്.

സുദീർഘമായ തന്റെ പൊതുജീവിതത്തിന്റെ ആദ്യദശകങ്ങളിൽ ദേശീയ വിമോചന പ്രസ്ഥാനത്തിലും ഉത്തരവാദഭരണപ്രക്ഷോഭത്തിലും അദ്ദേഹം സജീവമായി പങ്കെടുത്തു. സുസംഘടിതമായ ഒരു ട്രേഡുയൂണിയൻ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനും, തൊഴിലാളിവർഗ്ഗത്തിന്റെ അധികാരാവകാശങ്ങൾ നേടിയെടുക്കുന്നതിനും ശ്രീ. സുഗതൻ അനുഷ്ഠിച്ചിട്ടുള്ള അക്ഷീണപരിശ്രമങ്ങൾ അവിസ്മരണീയങ്ങളാണ്. താൻ വിശ്വസിച്ചിരുന്ന രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിന്റെ ആദർശസമ്പന്നനായ അനുകർത്താവായി നിന്ന്, താൻ പ്രവർത്തിച്ചിരുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി വിശ്രമരഹിതമായി പോരാടുകയും അവശതയനുഭവിക്കുന്ന ജനവിഭാഗത്തിന്റെ ചിരന്തനസ്വപ്നങ്ങൾക്ക് സാക്ഷാത്കാരം കണ്ടെത്താൻ സ്വാർത്ഥതയുടെ കളങ്കമേൽക്കാതെ, സ്വന്തം ക്ഷേമൈശ്വര്യങ്ങളെ പാടെ നിരാകരിച്ചുകൊണ്ട് പ്രവർത്തിക്കുകയും ചെയ്ത സേവനോൽസുകതയുടെ പ്രതീകമായി പ്രശോഭിച്ച പ്രമുഖനായ ഒരു രാഷ്ട്രീയാചാര്യനായിരുന്നു ശ്രീ. സുഗതൻ. ജനനൻമയിൽ ജീവിതസാഫല്യം ദർശിച്ചിരുന്ന അദ്ദേഹത്തിന് ത്യാഗം ഒന്നു മാത്രമായിരുന്നു നേട്ടം.

1952 മുതൽ 1964 വരെയുള്ള കാലഘട്ടങ്ങളിൽ തിരു–കൊച്ചി നിയമസഭയിലും കേരളനിയമസഭയിലും അംഗമായിരുന്ന ശ്രീ. സുഗതൻ പ്രതിയോഗികൾക്കുപോലും സമാദരണീയനും ശ്രദ്ധേയനുമായ ഒരു സാമാജികനായിരുന്നു. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലെന്നപോലെ തന്നെ സാഹിത്യരംഗത്തും സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കാൻ സുഗതനു കഴിഞ്ഞിട്ടുണ്ട്. ചിന്താമധുരവും നർമ്മരസം തുളുമ്പുന്നതുമായ ഒട്ടേറെ ലേഖനങ്ങളും വികാരോജ്വലങ്ങളായ നിരവധി കവിതകളും സുഗതന്റേതായി കൈരളിക്ക് ലഭിച്ചിട്ടുണ്ട്.

കേരളത്തിലെ രാഷ്ട്രീയ സാമൂഹിക സാംസ്ക്കാരികരംഗങ്ങളിൽ നാലഞ്ചു ദശകങ്ങളോളം പ്രകാശം പരത്തിയ ഒരു യഥാർത്ഥ മനുഷ്യസ്നേഹിയുടെയും തൊഴിലാളിബന്ധുവിന്റെയും അന്തർദ്ധാനമാണ് ശ്രീ. സുഗതന്റെ ചരമംമൂലം സംഭവിച്ചിരിക്കുന്നത്.

മഹാത്മാക്കളായ ശ്രീ. മന്നത്തു പത്മനാഭന്റെയും ശ്രീ. ആർ. സുഗതന്റെയും വേർപാടിൽ നിയമസഭയ്ക്കുള്ള അനുശോചനം രേഖപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്താനും അവരുടെ സ്മരണക്കു മുമ്പിൽ ആദരാജ്ഞലികൾ അർപ്പിക്കുവാനും രണ്ടു മിനിട്ട് എഴുന്നേറ്റുനിന്ന് മൗനം ആചരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിക്കുന്നു.

[The House stood in silence for two minutes as a mark of respect to the memory of the Departed]

ശ്രീ. കെ. കെ. അബു: സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. കഴിഞ്ഞ ഇരുപത്തിയേഴാം തീയതി ബഹുമാനപ്പെട്ട ശേഷന്റെ രാജിയെക്കുറിച്ച് ഇവിടെ പറയുകയും അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുകയും ചെയ്തു. പക്ഷെ ഇന്ന് എല്ലാ പത്രങ്ങളിലും ബഹുമാനപ്പെട്ട സ്പീക്കറുടെ പേരുകൂടി ഉൾപ്പെടുത്തി വാർത്ത വന്നിട്ടുണ്ട്. കഴിഞ്ഞ ഇരുപതാംതീയതി സ്പീക്കറുടെ കൈയിൽ രാജി തന്നിരിക്കുന്നുവെന്നും ഇവിടെയുള്ള അംഗമായ ബഹുമാനപ്പെട്ട മാധവൻ നായർ പറഞ്ഞതായ ഒരു പ്രസ്താവനയും പത്രത്തിൽ വന്നിരിക്കുന്നു. ഈ അന്തരീക്ഷത്തിൽ, ഒരു പ്രത്യേകമായ രാഷ്ട്രീയ ആശയക്കുഴപ്പം ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാതെ ബഹുമാനപ്പെട്ട ശേഷൻതന്നെ മറുപടി പറയുമെന്നു ഞാൻ ആശിക്കുന്നു. (അദ്ദേഹം ഹരിപ്പാട്ടു നിന്നും ആരോഗ്യവാനായി തിരിച്ചെത്തിയതിൽ അഭിനന്ദനം ഉണ്ട്.) അങ്ങ് വേണ്ട സഹായം ചെയ്തു തരണം. ബഹുമാനപ്പെട്ട സ്പീക്കറെ സംബന്ധിച്ചും വിമർശനങ്ങൾ പത്രത്തിൽ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

മി. സ്പീക്കർ: എന്റെ കൈയിൽ രാജി ലഭിച്ചിരുന്നില്ല. എനിക്കു വാസ്തവത്തിൽ യാതൊരു കാര്യവുമില്ല. എന്നെ വെറുതെ ഇതിനിടയിൽ വലിച്ചിഴയ്ക്കുകയാണ്. ശ്രീ. ശേഷന്റെ രാജിയെ സംബന്ധിച്ച് അദ്ദേഹത്തിന് സംസാരിക്കാം.

ശ്രീ. എൻ. കെ. ശേഷൻ: ഞാൻ രാജി വച്ചിട്ടില്ല.

ശ്രീ. കെ. കെ. അബു: സാങ്കേതികമായ ഒരു പ്രശ്നമാണ്. അങ്ങ് അങ്ങയുടെ പാർട്ടിക്കോ, ഉത്തരവാദപ്പെട്ട നേതാവിനോ, പാർട്ടി ചെയർമാനോ, രാജി എഴുതിക്കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. എസ്. നീലകണ്ഠൻനായർ: ബഹുമാനപ്പെട്ട മെമ്പർക്ക് പാർട്ടിയുടെ കാര്യം വല്ലതും അറിയണമെങ്കിൽ പാർട്ടിക്ക് ഉത്തരവാദപ്പെട്ട മെമ്പർമാർ ഉണ്ട്. അവരുടെ അടുക്കൽവന്നു ചോദിച്ചാൽ പറഞ്ഞു കൊടുക്കും.

മി. സ്പീക്കർ: രാജിവച്ചിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞുകഴിഞ്ഞു. ആ നിലയ്ക്ക് കൂടുതൽ ചോദിക്കേണ്ടതില്ല. അദ്ദേഹം രാജിവച്ചിട്ടില്ല. മന്ത്രിയായിട്ട് ഇരിക്കുകയാണ്.

ശ്രീ. എം. രാമുണ്ണി: ഈ അസംബ്ലിയിൽ മന്ത്രിയായിത്തുടരുകയും, പാർട്ടിയിൽ മന്ത്രി അല്ലാതിരിക്കുകയും ചെയ്യുന്ന.....

മി. സ്പീക്കർ: വേറെ എവിടെയെങ്കിലും രാജിവച്ചുവെന്നു പറയുന്നതിനെക്കാൾ അദ്ദേഹം ഇവിടെ രാജിവച്ചിട്ടില്ലെന്നു പറയുന്നതു വിശ്വസിക്കുക.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പാർട്ടിനേതാക്കൻമാരുടെ പരസ്പര വിരുദ്ധമായ പ്രസ്താവനകളും വന്നതുകൊണ്ടാണ് ഈ സംശയം ഇവിടെ ഉണ്ടായത്.

ശ്രീ. ഇ. എം. ജോർജ്ജ്: ശ്രീ. ശേഷൻ രാജിവച്ചുവെന്ന് ആദ്യം ഇൻഡ്യാ റേഡിയോയിലും പറഞ്ഞിരുന്നു.

മി. സ്പീക്കർ: ഇവിടെ നമ്മെ സംബന്ധിച്ചിടത്തോളം കൺമുമ്പിൽ ഇരിക്കുന്ന ശ്രീ. ശേഷനാണ് റേഡിയോയേക്കാളും നല്ലത്. അദ്ദേഹം പറഞ്ഞതാണു വാസ്തവം.

ADJOURNMENT MOTION

Police excesses and attack on Members of the Assembly

മി. സ്പീക്കർ: ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ, ശ്രീ. എ. വി. ആര്യൻ, ശ്രീ. ടി.കെ.ഷിണാമൂർത്തി, ശ്രീ. സി. ഗോവിന്ദപ്പണിക്കർ 9 AM] എന്നീ ബഹുമാനപ്പെട്ട മെമ്പറൻമാർ, ശ്രീ. എ.എസ്.എൻ. നമ്പീശനും ശ്രീ. മീതിയനും അനുഭവിക്കേണ്ടിവന്ന ദേഹോപദ്രവത്തെസംബന്ധിച്ചുള്ള ഒരു അടിയന്തിര പ്രമേയത്തിനു നോട്ടീസ് തന്നിട്ടുണ്ട്. ഇത് കുറെ ദിവസം മുമ്പു നടന്നതാണ്. നമുക്ക് ഇതേ സംബന്ധിച്ച് സംസാരിക്കുവാൻ രണ്ടു മൂന്നുദിവസം കിട്ടുമെന്നുള്ളതുകൊണ്ട് ഈ അടിയന്തിരപ്രശ്നം അനുവദിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. നമ്പീശനു ഗുരുതരമായ മർദ്ദനം ഏറ്റ് അദ്ദേഹം ഇപ്പോഴും തൃശ്ശൂർ ആശുപത്രിയിൽ കിടക്കുകയാണ്. അദ്ദേഹത്തിന് ഈ നിയമസഭയിൽ ഹാജരാകാൻ സാധിച്ചിട്ടില്ല. ഏറ്റവും ക്രൂരമായി നടത്തിയ ഈ മർദ്ദനത്തിൽ സകല രാഷ്ട്രീയ പാർട്ടികളും ശക്തമായ പ്രതിഷേധം ഉയർത്തിയതാണ്. എന്നാൽ ഗവൺമെൻറ് മർദ്ദനം നടത്തിയ ആളിനു എതിരായി യാതൊരു നടപടിയും എടുക്കാതെ ആർ. ഡി. ഒ. ലവലിൽ അന്വേഷണത്തിനു ഉത്തരവിട്ടിരിക്കുകയാണ്. ഇപ്പോഴും ശ്രീ. നമ്പീശൻ എഴുന്നേൽക്കാൻ പറ്റാതെ ആശുപത്രിയിൽ കിടക്കുകയാണ്. അദ്ദേഹത്തിന് സഭയിൽ ഹാജരാകാൻപോലും സാധിച്ചില്ല. ഗുരുതരമായ മർദ്ദനം അനുഭവിക്കേണ്ടിവന്നത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്തുകൊണ്ട് സസ്പെൻഡ് ചെയ്തിട്ട് ഒരു അന്വേഷണം ആരംഭിച്ചുകൂടാ. ഗവൺമെൻറിൻെറ മറുപടി കേൾക്കുവാൻ ആഗ്രഹമുണ്ട്.

ശ്രീ. ഇ. എം. ജോർജ്ജ്: ഇങ്ങനെയുള്ള അനുഭവങ്ങളും ചർച്ച ചെയ്യാൻ അവസരമുണ്ടെന്നു പറഞ്ഞാൽ , ചർച്ച ചെയ്യാൻ ഞങ്ങൾക്ക് ഇവിടെ വരാൻ കഴിയണ്ടെ, ഞങ്ങൾക്ക് ഇവിടെ വരാതിരിക്കാനും ഇടയുണ്ട്. എന്തുകൊണ്ടെന്നാൽ എം. എൽ. എ. മാരെ എം. എൽ. ഏ. മാർ എന്നു അറിഞ്ഞുകൊണ്ട് പോലീസ്.....

മി. സ്പീക്കർ: പോലീസ് ഡിമാൻറിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഈ വിഷയങ്ങളെല്ലാം സംസാരിക്കാൻ അവകാശമുണ്ട്.

ശ്രീ. ഇ. എം. ജോർജ്ജ്: ഈ കാര്യത്തിൽ ഗവൺമെൻറിൻെറ മറുപടി എന്താണെന്നു പറയണം.

LIBRARY, ARCHIVES Kerala Legislative Assembly